പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4272

19.10.2011-ൽ മറുപടിയ്ക്ക്

## പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണ വ്യവസ്ഥയിൽ ഇളവ് അനുവദിച്ച 6 മീറ്റർ വ്യവസ്ഥ അംഗീകരിച്ച് ആലപ്പുഴ ജില്ലയിൽ എത്ര റോഡ് നിർമ്മിച്ചിട്ടുണ്ട്; അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ ;

എ. ആലപ്പുഴ ജില്ലയിൽ പി.എം.ജി.എസ്. വൈ.-യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആര്യാട്, തൈക്കാട്ടുശേരി ബ്ലോക്കുകളിലായി പത്ത് റോഡുകൾ നിർമ്മാണ വ്യവസ്ഥകളിൽ ഇളവനുവദിച്ച് നിർമ്മിച്ചിട്ടുണ്ട്. അവ താഴെ പറയുന്നു.

ആര്യാട് ബ്ലോക്ക്

1. തുമ്പോളി തീരദേശം-ആലപ്പുഴ അർത്തുങ്കൽ റോഡ്.
2. തകിടിവെളി കോളനി-എൻ.എച്ച്. 47 റോഡ്.
3. കല്ലുചിറ- കുറുപ്പൻതറ റോഡ് .

തൈക്കാട്ടുശ്ശേരി ബ്ലോക്ക്

1. ചൂരമൻ കായൽ റോഡ്.
2. കണ്ണാടി ജംഗ്ഷൻ-പൂച്ചാക്കൽ തോട്.
3. പോലീസ് സ്റ്റേഷൻ -ആത്മാവുങ്കൽ റോഡ്.
4. എസ്.എൻ.ഡി.പി.-ചെങ്ങണ്ട റോഡ്.
5. മരിയാപുരം-തൃക്കയിൽ ഗിരിജൻ കോളനി.
6. മാർക്കറ്റ് ജെട്ടി-വാതിക്കാട്ട് ജെട്ടി റോഡ്.
7. കാട്ടുപുറം-പാറശ്ശേരി റോഡ്.

ബി. നമ്മുടെ സംസ്ഥാനത്തിന്റെ ജനസാന്ദ്രത കണക്കിലെടുത്ത് 4 മീറ്റർ വീതി എന്ന വ്യവസ്ഥ അംഗീകരിപ്പിക്കുവാൻ കഴിയുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

ബി. ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് റൂറൽ റോഡ് മാനുവലിൽ നിഷ്കർഷിക്കുന്ന നിലവാരവും രൂപകൽപനയും പാലിച്ചാണ് പി.എം.ജി.എസ്.വൈ. റോഡുകൾ നിർമ്മിക്കേണ്ടത്. ആയതിനാൽ നാല് മീറ്റർ വീതി എന്ന വ്യവസ്ഥ അംഗീകരിച്ച് പി.എം.ജി.എസ്.വൈ. റോഡുകൾ നിർമ്മിക്കുവാൻ സാങ്കേതികമായി പരിമിതികളുണ്ട്.

സെക്ഷൻ ഓഫീസർ.